(Pages : 3) **K – 5060**

**Reg. No. : ............................**

**Name : .................................**

## Third Semester B.Ed. Degree Examination, December 2020

## EDU 13.1 : EMERGING TRENDS AND PRACTICES IN MALAYALAM LANGUAGE EDUCATION

### (2019 Admission)

Time : 2 Hours Max. Marks : 50

PART – A

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. പഠനതന്ത്രങ്ങൾ, ചിന്തകൾ എന്നിവയെക്കുറിച്ചുള്ള വിലയിരുത്തലും പുനർചിന്തനവുമാണ്

   (പുനരവലോകനം, പ്രതിഫലനാത്മകചിന്ത, ബൗദ്ധികഅപഗ്രഥനം, സ്വയാവബോധം)

2. ക്രമീകൃതപഠനത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിലൊന്നാണ്?

   (താദാത്മ്യം, നിർവ്വഹണം, പുനർനിർമ്മാണം, സജീവപ്രതികരണം)

3. വിക്ടേഴ്സ് (Victors) ചാനൽ ഉദ്ഘാടനം ചെയ്തത് ആര്?

   (ഡോ. മൻമോഹൻ സിംഗ്, എ.കെ. ആന്റണി, ഡോ. മാധവൻ, എ.പി.ജെ. അബ്ദുൾകലാം)

4. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു വിഭാഗത്തിലാണ് ഗൂഗിൾ ക്ലാസ്സ്റൂം ഉൾപ്പെടുന്നത്?

   (എൽ.എം.എസ്., മൂഡിൽ, എം. ലേർണിംഗ്, എലെക്സ്)

5. ഇൻഡ്യയിലെ ആദ്യത്തെ ജില്ലാതല ഇ-ലിറ്ററസി പ്രൊജക്റ്റ് ഏതാണ്?

   (ഐറ്റി അറ്റ് സ്കൂൾ, സി.ഡിറ്റ്, എൽ.ഐ.സി., അക്ഷയ)

**(5 × 1 = 5 Marks)**

**P.T.O.**

## PART – B

എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

6. ഫ്ലിപ്പ്ഡ് ക്ലാസ്സ്റൂം എന്നാലെന്ത്?

7. തിസോറസ് എന്നാലെന്ത്?

8. ആപേക്ഷിക ഗ്രേഡിംഗ് എന്നാലെന്ത്?

9. ഹൈസ്കൂൾ ക്ലാസ്സുകളിലെ ഭാഷാപഠനത്തിനു സഹായകരമായി റഫറൻസ് ആയി ഉപയോഗിക്കാവുന്ന രണ്ട് നിഘണ്ടുക്കളുടെ പേര് അവയുടെ രചയിതാവിന്റെ പേര് സഹിതം എഴുതുക.

10. ശാഖീയ കാര്യക്രമശൈലിയുടെ ഉപജ്ഞാതാവ് ആര്?

**(5 × 1 = 5 Marks)**

## PART – C

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

11. പാഠപുസ്തകത്തിനുണ്ടായിരിക്കേണ്ട ആന്തരികഗുണങ്ങൾ ഏവ?

12. 'ഡയറിയെഴുത്ത്' പഠനപ്രവർത്തനം എന്ന നിലയിൽ കുട്ടികൾക്കു നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

13. ബോധനപ്രക്രിയയിൽ അധ്യാപകസഹായിയുടെ പങ്കെന്ത്?

14. ഉദ്ദേശ്യാധിഷ്ഠിത മൂല്യനിർണ്ണയം എന്നാലെന്ത്? വിശദീകരിക്കുക.

15. മലയാളഭാഷാപഠനത്തിനുപയോഗിക്കാവുന്ന ഇ-വിഭാഗങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**(5 × 2 = 10 Marks)**

## PART – D

ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. സ്വയം വിലയിരുത്തൽ പ്രക്രിയയിൽ റിഫ്ലക്ടീവ് ജേർണൽ എങ്ങനെ പ്രയോജനപ്പെടുത്താം?

17. നിദാനശോധകം എന്നാലെന്ത്? നിർമ്മാണഘട്ടങ്ങൾ വിശദീകരിക്കുക.

18. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയയുടെ സവിശേഷതകൾ വിവരിക്കുക.

19. ഇ-ഉള്ളടക്ക നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങൾ വിവരിക്കുക.

20. സംവാദാത്മക ബോധശാസ്ത്രം എന്നാലെന്ത്? ഭാഷാനൈപുണികളുടെ വികസനമാണ് ഭാഷാപഠനംകൊണ്ട് ഉദ്ദേശിക്കുന്നത് - ഈ പ്രസ്താവനയുടെ സാധുത, സംവാദാത്മക ബോധശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

21. ഇൻഡ്യയിലെ ഡിജിറ്റൽ വിദ്യാഭ്യാസസംരംഭങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**(4 × 5 = 20 Marks)**

## PART – E

ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരം എഴുതുക.

22. സിദ്ധിശോധകം എന്നാലെന്ത്? നിർമ്മാണഘട്ടങ്ങൾ ചുരുക്കി വിവരിക്കുക.

23. വ്യക്തിഗതപഠനതന്ത്രങ്ങൾ ബോധനപ്രക്രിയയെ എപ്രകാരം സഹായിക്കുന്നു? വ്യത്യസ്ത വ്യക്തിഗത പഠനതന്ത്രങ്ങൾ പരിചയപ്പെടുത്തി വിശദീകരിക്കുക.

**(1 × 10 = 10 Marks)**